**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1935** **29-07-2021 - ൽ മറുപടിയ്ക്ക്**

**പുതിയ വൈദ്യുതി സബ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ കെ.എസ്.ഇ.ബി പുതിയ വൈദ്യുതി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിവരങ്ങളും നിലവിൽ ഇത് ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ; | (എ) | ഉണ്ട്. മഞ്ചേശ്വരം മണ്ഡലത്തിലെ സീതാംഗോളിയിൽ ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കാൻ പദ്ധതി ഉണ്ട്. പദ്ധതിയുടെ സാങ്കേതികസാധ്യതാ പഠനം നടത്തി അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല. |
| (ബി) | ഏതൊക്കെ പ്രദേശങ്ങളിലാണ് ഇത് സ്ഥാപിക്കുന്നത്; ഇതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എത്ര ഭൂമിയാണ് ആവശ്യമായി വരുന്നത്; ഏത് രീതിയിലാണ് ഭൂമി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | സീതാംഗോളിയിൽ അനുയോജ്യമായ ഭൂമി കണ്ടെത്താനായിട്ടില്ല. 2 ഏക്കർ ഭൂമിയാണ് സബ്സ്റ്റേഷനായി ആവശ്യമായിട്ടുള്ളത്. റവന്യൂ ഭൂമി പാട്ടത്തിന് ലഭ്യമാക്കുന്നതിനോ, അല്ലെങ്കിൽ സ്വകാര്യ ഭൂമി പൊന്നും വില കണക്കാക്കി വാങ്ങുന്നതിനോ ആണ് ഉദ്ദേശിക്കുന്നത്. |
| (സി) | പുതിയ സബ് സ്റ്റേഷൻ നിലവിൽ വരുമ്പോൾ പൊതുജനങ്ങൾക്കും കെ.എസ്.ഇ.ബി. യ്ക്കും എന്തൊക്കെ ഗുണങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പുതിയ സബ്സ്റ്റേഷൻ നിലവിൽ വരുമ്പോൾ ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ